# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

**നമ്പർ: 6330/ബി/2015/സം.തി.ക.** **തീയതി: 26.10.2015.**

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2015 - വോട്ടെണ്ണൽ റിഹേഴ്സൽ ക്ലാസ് നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 24.10.15-ലെ 15/2015/സംതികനമ്പർ സർക്കുലർ.

**********

സൂചന സർക്കുലറിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പൊതുതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സൂചനയിലെ സർക്കുലർ പ്രകാരം കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. കൗണ്ടിംഗ് സൂപ്പർവൈസർമാർക്കും കൗണ്ടിംഗ് അസിസ്റ്റന്റുമാർക്കും വോട്ടെണ്ണൽ സംബന്ധിച്ച് റിഹേഴ്സൽ ക്ലാസ് കൂടി സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിയും നഗരസഭകളെ സംബന്ധിച്ച് അതാത് വരണാധികാരികളുമാണ് റിഹേഴ്സൽ ക്ലാസുകൾ സംഘടിപ്പിക്കേണ്ടത്. ക്ലാസ് നടത്തുന്നതിന്, ബ്ലോക്ക് തലത്തിലുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ റിസോഴ്സ് പേഴ്സൺമാരുടെ സേവനം ഉപയോഗിക്കേണ്ടതാണ്. കൂടാതെ, ഗ്രാമപഞ്ചായത്ത് വരണാധികാരികളുടെയും ഉപവരണാധികാരികളുടെയും സേവനം കൂടി ഉറപ്പാക്കേണ്ടതാണ്. നവംബർ 2-ാം തീയതി പൊതു തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിൽ തിരഞ്ഞെടുപ്പിന് ശേഷം 4, 5 തീയതികളിലും മറ്റ് ജില്ലകളിൽ ഈ മാസം 29, 30 തീയതികളിലും ആണ് റിഹേഴ്സൽ ക്ലാസുകൾ സംഘടിപ്പിക്കേണ്ടത്.

വിശ്വസ്തതയോടെ,

**ഒപ്പ്**

**പി. ഗീത**

സെക്രട്ടറി

പകർപ്പ്:-

എല്ലാ വരണാധികാരികൾക്കും.

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

പബ്ലിക് റിലേഷൻസ് ഓഫീസർ

കമ്പ്യൂട്ടർ പ്രോഗ്രാമർ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി